**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3940** **09-10-2025 - ൽ മറുപടിയ്ക്ക്**

**കിടാരികൾക്കും കറവപ്പശുക്കളുടേയും ആരോഗ്യ നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്തി അന്യസംസ്ഥാനങ്ങളിൽ നിന്നും കിടാരികളെയും കറവപ്പശുക്കളെയും വാങ്ങുന്ന സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് വാങ്ങുന്നതിനു മുൻപ് അവയുടെ ആരോഗ്യ നിലവാരം ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം നിലവിലില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് നല്ലയിനം കിടാരികളെയും കറവപ്പശുക്കളെയും വാങ്ങിക്കൊടുക്കുന്നതിന് സർക്കാർ തലത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്തി അന്യസംസ്ഥാനങ്ങളിൽ നിന്നും കിടാരികളെയും കറവപ്പശുക്കളെയും വാങ്ങുന്നതിനു മുൻപ് സ്ഥലത്തെ വെറ്ററിനറി ഡോക്ടറുടെ പക്കൽ നിന്നും ഉരുക്കളുടെ ഹെൽത്ത് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉരുക്കളെ വാങ്ങുന്നതിനായി പോകുന്ന സംഘത്തിൽ വിദഗ്ധനായ ഒരു വെറ്ററിനറി ഡോക്ടറെ കൂടി ഉൾപ്പെടുത്തണമെന്ന് പദ്ധതിയിൽ ശുപാർശ ചെയ്തിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ചെക് പോസ്റ്റുകൾ വഴി പരിശോധന നടത്തിയാണ് മൃഗങ്ങളെ കടത്തി വിടുന്നത്.<br><br>പദ്ധതി ഗുണഭോക്താക്കൾക്ക് ക്ഷീരവികസന വകുപ്പിന്റെ കിടാരി പാർക്ക്, ഹെർഡ് ക്വാറന്റൈൻ സെന്റർ എന്നിവയിൽ നിന്നും ആരോഗ്യമുള്ള ഉരുക്കളെ വാങ്ങാവുന്നതാണ്. |
| (ബി) | ഉടമസ്ഥാവകാശം ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്ക് മാറിയാൽ മാടുകളുടെ ഇൻഷ്വറൻസ് പരിരക്ഷ റദ്ദായി പോകുന്ന നിലവിലെ അവസ്ഥ ഒഴിവാക്കി ഉടമസ്ഥൻ മാറിയാലും ഇൻഷ്വറൻസ് പരിരക്ഷ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | കന്നുകാലി ഇൻഷ്വറൻസ് പദ്ധതി മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത് ഇൻഷ്വറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇൻഡ്യ (IRDAI), ജനറൽ ഇൻഷ്വറൻസ് കമ്പനി എന്നിവരാണ്. |
| (സി) | കയ്പമംഗലം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കയ്പമംഗലം ലൈവ്സ്റ്റോക്ക് പ്രൊഡ്യൂസേഴ്സ് കമ്പനിയെ വളർത്തു മൃഗങ്ങളുടെ വിതരണം നടത്തുന്ന സർക്കാർ ഏജൻസിയായി ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്? | (സി) | കയ്പമംഗലം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കയ്പമംഗലം ലൈവ്സ്റ്റോക്ക് പ്രൊഡ്യൂസേഴ്സ് കമ്പനിയെ 2025-26 വർഷത്തെ MSDPയിൽ ഉൾപ്പെടുത്തി കിടാരി പാർക്ക് പദ്ധതി അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്നപക്ഷം ക്ഷീരവികസന വകുപ്പിന്റെ ഉരുക്കളെ വാങ്ങുന്ന പദ്ധതികളിലുള്ള ഗുണഭോക്താക്കൾക്ക് കിടാരി പാർക്കിൽ നിന്നും ഉരുക്കളെ വാങ്ങാവുന്നതാണ്. ടി |

| | | | |
|---|---|---|---|
| | | | കമ്പനിയെ വളർത്തു മൃഗങ്ങളുടെ വിതരണം നടത്തുന്ന സർക്കാർ ഏജൻസിയായി പരിഗണിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ